**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1129** — **30-06-2022 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കല്ലാനോട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്രീഡിംഗ് ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 2 ഹെക്ടർ സ്ഥലം ഉപയോഗിക്കുന്നതിനുള്ള താൽക്കാലിക പെർമിസീവ് സാങ്ഷൻ ലഭിച്ചതനുസരിച്ച് തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനായുള്ള 1880 ലക്ഷം രൂപയുടെ പദ്ധതി നബാർഡ് ധനസഹായം പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഹാച്ചറി കെട്ടിടം, കനാലിനും, ബണ്ടിനുമുള്ള പാർശ്വ സംരക്ഷണം, സെമി നാച്ചുറൽ പോണ്ട്, വെർട്ടിക്കൽ പോണ്ട്, ബണ്ട്, ഇന്റേണൽ റോഡ്, ഡ്രെയിൻ, ജനറേറ്റർ ഷെഡ്, ഇ.റ്റി.പി ഷെഡ്, റീ സർക്കുലേഷൻ ഷെഡ്, എയ്റേഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) | ഇറിഗേഷൻ വകുപ്പ് വിട്ട് നല്കിയിട്ടുള്ള രണ്ട് ഏക്കർ സ്ഥലത്ത് ഹാച്ചറിയുടെ വിപുലീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) | കല്ലാനോട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസനവുമായി ബന്ധപ്പെട്ട് ബ്രീഡിംഗ് ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 2 ഹെക്ടർ സ്ഥലം ഉപയോഗിക്കുന്നതിനുള്ള താൽക്കാലിക പെർമിസീവ് സാങ്ഷൻ ലഭിച്ചതനുസരിച്ച് തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനായുള്ള 1880 ലക്ഷം രൂപയുടെ പദ്ധതി നബാർഡ് ധനസഹായം പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഹാച്ചറി കെട്ടിടം, കനാലിനും, ബണ്ടിനുമുള്ള പാർശ്വ സംരക്ഷണം, സെമി നാച്ചുറൽ പോണ്ട്, വെർട്ടിക്കൽ പോണ്ട്, ബണ്ട്, ഇന്റേണൽ റോഡ്, ഡ്രെയിൻ, ജനറേറ്റർ ഷെഡ്, ഇ.റ്റി.പി ഷെഡ്, റീ സർക്കുലേഷൻ ഷെഡ്, എയ്റേഷൻ, |

| | | | |
|---|---|---|---|
| | | | ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ പ്രവൃത്തികൾ പദ്ധതിയിൽ ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ